(സി) പേ വിഷബാധ തടയുന്നതിന് നാളിതുവരെയായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ രണ്ടുവർഷങ്ങളിലായി പേ വിഷബാധയേറ്റ് 52 പേർ മരണ മടഞ്ഞു.

(ബി) പേ വിഷബാധയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പിനുള്ള മരുന്ന് എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. ഓരോ വർഷവും ഉദ്ദേശം 46 കോടി രൂപയ്ക്കുള്ള മരുന്നുകൾ രോഗികൾക്ക് നൽകിവരുന്നു.

(സി) പേവിഷബാധ തടയുന്നതിനുള്ള വാക്സിനുകൾ നിർധനരായ രോഗികൾക്ക് സൗജന്യമായി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമൂലം പേപ്പട്ടിയുടെ കടിയേറ്റ് വരുന്ന രോഗികൾക്ക് യഥാസമയം ചികിത്സ നൽകുവാനും അവരുടെ ജീവൻ രക്ഷിക്കുവാനും കഴിയുന്നു. പേ വിഷബാധ തടയുന്നതിന് ആരോഗ്യ വകുപ്പ് ഡോക്ടർമാർക്ക് പ്രത്യേകം ടെയിനിംഗ് നൽകിയിട്ടുണ്ട്. ഇതിനു പുറമേ പേ വിഷബാധയ്ക്ക് എതിരെയുള്ള ബോധവൽക്കരണവും നടത്തിയിട്ടുണ്ട്.

മണ്ണാർക്കാട് ഗവൺമെന്റ് ആശുപത്രി ഫസ്റ്റ് റഫറൽ യൂണിറ്റ് ആയി ഉയർത്തുവാൻ നടപടി

176 (2247) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് ഗവൺമെന്റ് ആശുപത്രി ഫസ്റ്റ് റഫറൽ യൂണിറ്റ് ആയി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണ്ണാർക്കാട് താലൂക്ക് ആശുപത്രിയെ 1966 മുതൽ തന്നെ എഫ്. ആർ. യു. ലിസ്റ്റിൽ ഉൾപ്പെടുത്തുകയും എഫ്. ആർ. യു സർട്ടിഫിക്കേഷനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഒരു അനസ്തെറ്റിസ്റ്റിനെ കൂടി നിയമിച്ചു കഴിഞ്ഞാൽ സിസേറിയൻ സെക്ഷൻ കൂടി ഉൾപ്പെടുത്തി മണ്ണാർക്കാട് താലൂക്ക് ആശുപത്രി എഫ്.ആർ.യു. ആശുപത്രിയായി സർട്ടിഫൈ ചെയ്യാൻ കഴിയും.

ഫാർമസിസ്റ്റ് തസ്തികയിലെ ഒഴിവുകൾ

177 (2254) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ഫാർമസിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly